**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 547** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പെരിന്തൽമണ്ണ എക്സൈസ് ഓഫീസിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ എക്സൈസ് സർക്കിൾ ഓഫീസ്, പെരിന്തൽമണ്ണ എക്സൈസ് റേഞ്ച് ഓഫീസ് എന്നീ ഓഫീസുകൾ 2008 മുതൽ പഴയ റവന്യൂ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കാലപ്പഴക്കം ചെന്ന ഈ കെട്ടിടം ഇപ്പോൾ അടിയന്തിരമായി നവീകരിക്കേണ്ട അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതാണ്.

**(സി)** പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ നിലവിലുള്ള ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിനും വാഹനം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പെരിന്തൽമണ്ണ എക്സൈസ് സർക്കിൾ ഓഫീസിലും, പെരിന്തൽമണ്ണ റെയ്ഞ്ച് ഓഫീസിലും നിലവിൽ വാഹനങ്ങൾ ലഭ്യമാണ്. പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**